പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2717 **28-10-2026-ൽ മറുപടിയ്ക്ക്**

തീരദേശ സംരക്ഷണത്തിനും കടലാക്രമണം തടയുന്നതിനുമുള്ള പദ്ധതികൾ

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. അപു ജോൺ ജോസഫ്

ശ്രീ. ഷിബു തെക്കുംപുറം

ശ്രീ. വിനു ജോബ് കുഴിമണ്ണിൽ

മറുപടി നൽകിയ മന്ത്രി

ശ്രീ. മോൻസ് ജോസഫ്

(ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി)

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തീരദേശ സംരക്ഷണത്തിനും കടലാക്രമണം തടയുന്നതിനുമായി പുതിയ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ ഇതിനായി തിരഞ്ഞെടുത്തിട്ടുള്ള സ്ഥലങ്ങൾ ഏതെല്ലാമെന്ന് അറിയിക്കാമോ;

മറുപടി: നിലവിലെ സർക്കാർ അധികാലത്തിൽ വന്നതിനു ശേഷം തീരദേശസംരക്ഷണത്തിനും കടലാക്രമണം തടയുന്നതിനുമായി ആവിഷ്കരിച്ച 2027-28 സാമ്പത്തിക വർഷത്തിലേയ്ക്കുള്ള Annual Plan proposal Planning Board-ലേയ്ക്ക് സമർപ്പിച്ചിട്ടുണ്ട്. ആയതിൽ ഉൾപ്പെട്ടിട്ടുള്ള പദ്ധതികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

Scheme 1. Coastal zone management

NGT നിർദ്ദേശങ്ങളും NCCR പദ്ധതിയും അനുസരിച്ച് കേരളത്തിലെ 9 തീരദേശ ജില്ലകളിലായി വ്യാപിച്ചു കിടക്കുന്ന തീരദേശ പ്രദേശങ്ങളെ രൂക്ഷമായ തീരശോഷണം, ശക്തമായ തിരമാലകൾ, കടൽ ക്ഷോഭം എന്നിവയിൽ നിന്നും സംരക്ഷിക്കുന്നതിന്, ലോകബാങ്കിന്റെ റസിലിയന്റ് കേരള പ്രോഗ്രാമിലെ DLI 10 (കേരളത്തിലെ കടൽത്തീരങ്ങളെ സംരക്ഷിക്കുന്ന) പദ്ധതിയുടെ ഭാഗമായി തിരുവനന്തപുരം മുതൽ കാസർഗോഡ് വരെയുള്ള 41.20 കി.മീ ദൈർഘ്യമുള്ള 30 പ്രധാന തീരദേശ മേഖലകളിലെ സംരക്ഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കേണ്ടതുണ്ട്. ഇതിൽ സൈറ്റ് സർവ്വേകൾ, തീരദേശ മോഡലിംഗ്, വിശദമായ പദ്ധതി റിപ്പോർട്ട് (DPR) തയ്യാറാക്കൽ, CRZ Clearance (തീരദേശ നിയന്ത്രണ മേഖല) അനുമതികൾ എന്നിവ ഉൾപ്പെടുന്നു. DLI 10 ന്റെ പ്രവർത്തനങ്ങൾക്കായും കൂടാതെ സംസ്ഥാന പദ്ധതിയുടെ ഭാഗമായി, തകർന്ന കടൽഭിത്തികളുടെ അറ്റകുറ്റ പണികളും മറ്റ് അപകട സാധ്യതയുള്ള തീര പ്രദേശങ്ങളിൽ സംരക്ഷണ പ്രവർത്തനങ്ങളും നടത്തുന്നതിനായും ഉള്ള തുക പ്ലാനിംഗ് ബോർഡിലേക്ക് ആവശ്യപ്പെട്ടിട്ടുണ്ട്.

2. Coastal protection works NABARD Assistance

കേരളത്തിന്റെ സവിശേഷമായ സ്വഭാവം കണക്കിലെടുത്ത് തീരശോഷണത്തിൽ നിന്ന് തീരപ്രദേശങ്ങളെ സംരക്ഷിക്കുന്നതിനായി ഹ്രസ്വകാല,ദീർഘകാല പ്രതിരോധ മുൻകരുതൽ നടപടികൾ ആവശ്യമാണ്. സുസ്ഥിരമായ തീരസംരക്ഷണത്തിന് ദീർഘകാലാടിസ്ഥാനത്തിലുള്ള ആസൂത്രണവും പദ്ധതി നടത്തിപ്പും അത്യന്താപേക്ഷിതമാണ്. ഇതിനായി ഓരോ പ്രദേശത്തിനും അനുയോജ്യമായ പ്രത്യേക പഠനങ്ങൾ നടത്തേണ്ടതുണ്ട്. അതിനായി NCESS ചെന്നൈ, CWRPS പൂനെ,

IIT മദ്രാസ്, KERI പീച്ചി തുടങ്ങിയ സ്ഥാപനങ്ങളുമായി വകുപ്പ് കൂടിയാലോചനകൾ നടത്തി വരുന്നു. 1995-96 മുതൽ RIDF വഴി ജലസേചന പദ്ധതികൾക്കായി നബാർഡ് വായ്പാ സഹായം നൽകി വരുന്നു. തീര സംരക്ഷണ പ്രവർത്തനങ്ങൾക്കും ഈ ഫണ്ട് ലഭ്യമാണ്. പഠനങ്ങളുടെ അടിസ്ഥാനത്തിലും മുൻഗണനക്രമം അനുസരിച്ചും ഈ പദ്ധതി ഉപയോഗപ്പെടുത്തി തീരസംരക്ഷണ പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിനായി പ്രൊപ്പോസൽ പ്ലാനിംഗ് ബോർഡിലേക്ക് സമർപ്പിച്ചിട്ടുണ്ട്. .

3. New Scheme :- Integrated Coastal High-Tide & Kallakkadal Flood Mitigation Works

ദക്ഷിണ ഇന്ത്യൻ മഹാസമുദ്രത്തിലെ വിദൂരമായ കാലാവസ്ഥാ വ്യതിയാനങ്ങൾ മൂലം രൂപപ്പെടുന്ന ഉയർന്ന ഊർജ്ജമുള്ള തിരമാലകളാണ് കള്ളക്കടൽ പ്രതിഭാസത്തിന് കാരണം. ഈ തിരമാലകൾ തീരത്തെത്തുമ്പോൾ നദികൾ, കായലുകൾ എന്നിവയിലൂടെ കടൽ വെള്ളം ഇരച്ചുകയറി ജനസാന്ദ്രതയേറിയ വാസസ്ഥലങ്ങളിൽ ഗുരുതരമായ വെള്ളപ്പൊക്കത്തിനും Sediment transportation-നും കാരണമാകുന്നു. ആയത് മൂലം വാസസ്ഥലങ്ങൾക്കും പൊതു അടിസ്ഥാന സൗകര്യങ്ങൾക്കും ആഘാതം ഉണ്ടാകുന്നു. ദുർബലമായ തീരപ്രദേശങ്ങളിൽ അടിയന്തര സംരക്ഷണ പ്രതിരോധ നടപടികൾ കൃത്യസമയത്ത് ആസൂത്രണം ചെയ്യുന്നതിനും നടപ്പിലാക്കുന്നതിനുമായി 2027-28 സാമ്പത്തിക വർഷത്തിലേക്കുള്ള Annual Plan Proposal - ൽ ഈ പദ്ധതി പുതിയതായി ഉൾപ്പെടുത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് പ്രൊപ്പോസൽ പ്ലാനിംഗ് ബോർഡിലേക്ക് സമർപ്പിച്ചിട്ടുണ്ട്.

കൂടാതെ ഐ.ഡി.ആർ.ബി വഴി തീരദേശ സംരക്ഷണത്തിനും കടലാക്രമണം തടയുന്നതിനുമായുള്ള പദ്ധതികൾ ആവിഷ്കരിക്കുന്നതിനു മുന്നോടിയായി നടത്തുന്ന പഠനത്തിന്റെ ഭാഗമായി തീരദേശത്തിന്റെ Topographical survey യും cross section ൽ വിശദശാംശങ്ങളും ശേഖരിക്കുന്ന പ്രവർത്തികൾ കോസ്റ്റൽ എഞ്ചിനീയറിംഗ് സെക്ഷൻ കൊല്ലത്തിന്റെ അധികാര പരിധിയിലുള്ള CP 429 മുതൽ CP 499 (ആലപ്പാട് റീജിയണിൽ വെള്ളാനതുരുത് മുതൽ അഴീക്കൽ വരെ) വരെയുള്ള പ്രദേശത്തും കോസ്റ്റൽ എഞ്ചിനീയറിംഗ് സെക്ഷൻ തോട്ടപ്പള്ളിയുടെ അധികാര പരിധിയിലുള്ള വലിയഴീക്കൽ മുതൽ രാമഞ്ചേരി (CP 500-CP 527)വരെയും വട്ടച്ചാൽ നല്ലാണിക്കൽ മുതൽ കല്ലിക്കാട് (CP 534-542) വരെയും ആറാട്ടുപുഴ മുതൽ മംഗലം (CP 550-561) വരെയും, പത്തിയങ്കര (തൃക്കുന്നപ്പുഴ മുതൽ തോട്ടപ്പള്ളി) വരെയുള്ള പ്രദേശത്തും കോസ്റ്റൽ എഞ്ചിനീയറിംഗ് സെക്ഷൻ ചാവക്കാടിന്റെ അധികാര പരിധിയിലുള്ള south of CP 1491 മുതൽ North of CP 1549 (കാപ്പിരിക്കാട് മുതൽ പൊന്നാനി വരെ) വരെയും പുരോഗമിച്ചു വരുന്നു.

(ബി) കേരള സുസ്ഥിര തീരദേശ സംരക്ഷണ-കാലാവസ്ഥാ പ്രതിരോധ പദ്ധതിക്കായി ഏഷ്യൻ വികസന ബാങ്കിന്റെ സാമ്പത്തിക സഹായം ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ; പ്രസ്തുത പദ്ധതിയുടെ നിലവിലെ സ്ഥിതി, നിർദ്ദേശിക്കപ്പെട്ട പ്രവൃത്തികൾ, തിരിച്ചറിഞ്ഞ പ്രദേശങ്ങൾ എന്നിവ വ്യക്തമാക്കുമോ;

<u>മറുപടി:</u> ഏഷ്യൻ വികസന ബാങ്കിന്റെ (ADB) ധനസഹായത്തോടെ നടപ്പിലാക്കുന്ന കേരള സുസ്ഥിര തീരദേശ സംരക്ഷണ-പ്രതിരോധ പദ്ധതിയുടെ ഭാഗമായി കടലാക്രമണം രൂക്ഷമായ 10 പ്രദേശങ്ങൾ തിരഞ്ഞെടുത്തു ADB യുടെ ധനസഹായത്തോടെ സംരക്ഷണ പ്രവർത്തി നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഈ 10 പ്രദേശങ്ങൾ താഴെ പറയുന്നവ ആണ്:

സ്ഥലം	ജില്ല	നീളം(Km)
ശംഖുമുഖം	തിരുവനന്തപുരം	5.0

വർക്കല	തിരുവനന്തപുരം	1.0
ആലപ്പാട്	കൊല്ലം	13.60
വലിയഴീക്കൽ-തൃക്കുന്നപ്പുഴ	ആലപ്പുഴ	10.0
വൈപ്പിൻ	എറണാകുളം	5.75
കൊടുങ്ങല്ലൂർ	തൃശ്ശൂർ	10.0
കാപ്പാട്	കോഴിക്കോട്	3.0
പൊന്നാനി	മലപ്പുറം	12.0
തലശ്ശേരി	കണ്ണൂർ	2.0
വല്യപറമ്പ്	കാസർകോട്	20.0

ഈ പദ്ധതിക്ക് കേരളം സർക്കാർ തത്ത്വത്തിൽ അംഗീകാരം (in principle sanction) നല്കിയിട്ടുള്ളതാണ്. ഈ പദ്ധതി 2 ഘട്ടങ്ങളിലായാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത് . ഇതിൽ ആദ്യ ഘട്ടത്തിൽ ശംഘുമുഖം, ആലപ്പാട്, തൃക്കുന്നപ്പുഴ-ആറാട്ടുപുഴ, തലശ്ശേരി, പൊന്നാനി, കൊടുങ്ങല്ലൂർ എന്നീ പ്രദേശങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ബാക്കി 4 പ്രദേശങ്ങളെ അടുത്ത ഘട്ടത്തിലാണ് ഉൾപ്പെടുത്തുക. ഏഷ്യൻ വികസന ബാങ്കിന്റെ (ADB) ധനസഹായത്തോടെ നടപ്പിലാക്കുന്ന കേരള സുസ്ഥിര തീരദേശ സംരക്ഷണ-പ്രതിരോധ പദ്ധതിയുടെ ഭാഗമായി ആലപ്പുഴ, ആലപ്പാട്, കൊടുങ്ങല്ലൂർ, പൊന്നാനി എന്നീ നാല് തീരപ്രദേശങ്ങളിലെ പ്രവൃത്തികളുടെ വിശദമായ പദ്ധതി റിപ്പോർട്ട് (DPR) സർക്കാരിൽ ലഭ്യമാക്കിയിട്ടുണ്ട്. ആയതു പരിശോധിച്ചു വരുന്നു. എഡിബി പദ്ധതിയുടെ 30% തുകക്കുള്ള പ്രവർത്തികൾ ടെൻഡർ ഘട്ടത്തിൽ ആയാൽ മാത്രമേ എഡിബി യുമായി ഉടമ്പടിയിൽ ഏർപ്പെടാൻ സാധിക്കുകയുള്ള. DPR സമർപ്പിച്ച പ്രവർത്തികൾക്ക് സാമ്പത്തികാനുമതിയും ഭരണാനുമതിയും ലഭിച്ചാൽ സാങ്കേതികാനുമതി നൽകാനും തുടർന്നു ടെൻഡറിലേക്ക് പോകാനുമുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ് .

(സി) കടലാക്രമണം രൂക്ഷമായ തീരദേശ മേഖലകളിൽ കടൽഭിത്തി നിർമ്മാണം, പുലിമുട്ട് നിർമ്മാണം, തീരശോഷണം തടയുന്നതിനുള്ള മറ്റ് ശാസ്ത്രീയ പ്രതിരോധ മാർഗങ്ങൾ എന്നിവയ്ക്കായി നിലവിലെ സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

<u>മറുപടി:</u> ജലസേചന വകുപ്പിന്റെ കീഴിൽ ശാസ്ത്രീയ പഠനങ്ങളുടെയും സാങ്കേതിക സ്ഥാപനങ്ങളുടെ നിർദ്ദേശങ്ങളുടെയും അടിസ്ഥാനത്തിൽ തീരസംരക്ഷണ പ്രവൃത്തികൾ നടപ്പിലാക്കിവരുന്നു. തീരശോഷണത്തിനും കടലാക്രമണത്തിനും വിധേയമായ പ്രദേശങ്ങളിൽ കടൽഭിത്തികൾ, പുലിമുട്ടുകൾ, Offshore Breakwaters, ഗ്രോയിൻഫീൽഡുകൾ എന്നിവ കരിങ്കല്ല്, ടെട്രാപോട്, Geotube എന്നിവ ഉപയോഗിച്ചു ദീർഘകാല സംരക്ഷണ പ്രവർത്തികളായും Geobag ഉപയോഗിച്ചുള്ള താത്കാലിക സംരക്ഷണ പ്രവൃത്തികളായും ഉചിതമായ രീതിയിൽ തീരസംരക്ഷണത്തിനായി അവലംബിച്ചു വരുന്നു.

തീരദേശസ്വഭാവം, തിരമാലകളുടെ സവിശേഷതകൾ, സെഡിമെന്റ് ട്രാൻസ്പോർട്ട് രീതികൾ, ബാത്തിമെട്രി, പ്രാദേശിക പാരിസ്ഥിതിക സാഹചര്യങ്ങൾ എന്നിവയെ അടിസ്ഥാനമാക്കി ശാസ്ത്രീയമായ രീതിയിലാണ് അനുയോജ്യമായ തീരദേശസംരക്ഷണ പ്രവൃത്തികൾ വകുപ്പ്

തിരഞ്ഞെടുക്കുന്നത്. നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓഷ്യൻ ടെക്നോളജി (NIOT), നാഷണൽ സെന്റർ ഫോർ കോസ്റ്റൽ റിസർച്ച് (NCCR), നാഷണൽ സെന്റർ ഫോർ സസ്റ്റെനബിൾ കോസ്റ്റൽ മാനേജ്മെന്റ് (NCSCM) തുടങ്ങിയ കേന്ദ്ര സ്ഥാപനങ്ങളിൽ നിന്നും IIT, NIT, CWPRS പോലുള്ള മറ്റ് വിദഗ്ധ ഏജൻസികളിൽ നിന്നും വകുപ്പ് സാങ്കേതിക സഹായങ്ങൾ ലഭ്യമാക്കിയും ഇത്തരം പ്രവൃത്തികൾ നടപ്പിലാക്കി വരുന്നു.

കടൽക്ഷോഭത്തിൽ നിന്നും തീരദേശവാസികളെ രക്ഷിക്കാനും പൊതുമുതൽ സംരക്ഷിക്കുന്നതിനും വേണ്ടി മിഷൻ ഡയറക്ടറേറ്റ് മുഖേന ആവിഷ്കരിച്ച പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

(i) ലോക ബാങ്കിന്റെ സഹായത്തോടെ നടത്തുന്ന 24 പ്രവർത്തനങ്ങളുടെ ഭാഗമായി നിലവിൽ രൂക്ഷമായ കടലാക്രമണം അനുഭവപ്പെടുന്ന പ്രദേശങ്ങളിൽ ജലസേചന വകുപ്പ് പ്രഗൽഭരായ സാങ്കേതിക വിദഗ്ധരോടൊപ്പം കേരളത്തിലുടനീളം സന്ദർശനം നടത്തുകയും സംരക്ഷണം ആവശ്യമായ പ്രദേശങ്ങളുടെ പട്ടിക തയ്യാറാക്കുകയും ചെയ്തു. 23 പ്രവർത്തികളുടെ പട്ടിക വിവിധ സാങ്കേതിക മാനദണ്ഡങ്ങൾ കണക്കിലെടുത്ത് സർക്കാർ നിയോഗിച്ചിട്ടുള്ള technical advisory group (പ്രസ്തുത വിഷയത്തിലെ ദേശീയ ഏജൻസികളിലെ വിദഗ്ധർ) ഉള്ള committee യിൽ ചർച്ച ചെയ്ത് അംഗീകരിക്കുകയും ചെയ്തു. നിലവിൽ ഇവയുടെ ഡിസൈൻ പുരോഗമിച്ചു വരുന്നു. ഈ പദ്ധതികൾ ഫണ്ട് ലഭ്യമാകുന്ന മുറക്ക് നടപ്പിലാകുന്നതാണ്. പട്ടികയുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.

(ii) ഇവ കൂടാതെ അതിരൂക്ഷ കടലാക്രമണം നേരിടുന്ന പ്രദേശങ്ങളിൽ 10 പ്രവർത്തികൾ Asian Development Bank (ADB) യുടെ ധനസഹായത്തോടെ തീരസംരക്ഷണ പ്രവർത്തി നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്. ADB Kerala Sustainable Coastal Protection and Climate Resilient Planning Project - ന് കേരളം സർക്കാർ തത്വത്തിൽ അംഗീകാരം (In principle sanction) ലഭ്യമാക്കിയിട്ടുള്ളതാണ്.

സെക്ഷൻ ഓഫീസർ

അനുബന്ധം

ലോക ബാങ്കിന്റെ സഹകരണത്തോടെ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പ്രവർത്തികളുടെ പട്ടിക			
Sl No	**Description**	**District**	**Length (km)**
1	Protection from 500 m towards north and 560 m towards south from AS No 220 at Poothura in Chirayinkeezhu constituency (CP 0220- CP 0226)	Trivandrum	1.4
2	Protecting coastal length from CP 325 to north of CP 330 at various locations in Eravipuram constituency (CP 0325-CP0333)	Kollam	2
3	Protecting coast from CP 0608- CESCP 0625 of Purakkad Grama panchayath in Ambalappuzha LAC	Alappuzha	3
4	Protection work from CP No 672 to 682 of Punnapra South Grama Panchayath in Ambalappuzha LAC (CP 671-683)	Alappuzha	2.3
5	Coastal protection from CP 927 to 933 at Ottamassery in Kadakkarappally Panchayath of Cherthala LAC (CP926-934)	Alappuzha	1.2
6	Fort Kochi (CP1066-CP1072)	Ernakulam	1
7	Protection for a length of 260m both sides of CP 1244 in Mathilakam panchayath in Kodungallur Taluk	Thrissur	0.26
	Protection for a length of 450m from 50m north of CP 1247 towards south in Mathilakam panchayath in Kodungallur Taluk	Thrissur	0.45
8	Protection for a length of 2.2 km from CP 1341 towards north in Thalikkulam Panchayath at Thambankadavu beach	Thrissur	2.2
9	Coastal protection for a length of 2500 m in between CP 1381 and CP 1409 in Kadappuram panchayath in Guruvayur	Thrissur	5
10	Coastal protection at Parappal(CP1723-CP1726)	Malappuram	0.26
11	Protection in between CP 1745 and CP 1755 in Kadalundy panchayath	Kozhikkode	1.82
12	Protection from CP 1850 towards south in Kozhikode corporation (CP 1845-CP 1851)	Kozhikode	
	Protection at Santhinagar on either side of CP 1843 in Kozhikode corporation (CP1841- CP1841)	Kozhikkode	1.2
13	Protection in between CP 1895 and CP 1902 in Chemanchery panchayath of koyilandy LAC	Kozhikkode	1.4
14	Protection starting from 25 m north of CP 1941 towards north in Koyilandy Municipality in Kozhikode District (north of koyilandi harbour) (CP 1939- CP1946)	Kozhikkode	1.1
15	Protection in between CP 2018 and CP2029 in payyoli municipality of koyilandy LAC (Iringal)	Kozhikkode	2.25
16	Protection at Kotta Kadapuram (Kuttiady river mouth) in Kozhikode District (CP 2042- CP2047)	Kozhikkode	0.85
17	Protection in between CP 2084 and CP 2092 in Onchiyam Panchayath/Vadakara LA	Kozhikkode	2.6

	Protection in between CP 2092 and CP 2097 in Onchiyam Panchayath/Vadakara LA	Kozhikkode	
18	Protection in between CP stone 2412-2414 at Choottad in Madayi GP in Kannur District	Kannur	0.293
19	Protection at CP stone No.2614 to 323 m north of CP stone No.2620 at Ajanur kadappuram in Hosdurg taluk	Kasaragode	0.7
20	Protection for a length of 2200 m between CP stone 2677 and 2665 at Kottikkulam-Thrikkannad-Bekal kadappuram in Uduma Grama Panchayath of Hosdurg Taluk in Kasaragod District	Kasaragode	2.2
21	Protection for a length of 1.40km between CP stone no. 2738 and 2745 at Kavugoli Kadappuram in Mogral Puthur Grama panchayath of Kasaragod Taluk	Kasaragode	1.4
22	Protection for a length of 1.2 Km at Pervad in Kumbla Grama Panchayath in Kasaragod District	Kasaragode	1.2
	Protection for a length of 1.2 Km at Koyipadi Kadappuram in Kumbla Grama Panchayath in Kasaragod District	Kasaragode	1.2
23	Protection for a length of 1000.00 m at Kanwatheertha Kadapuram in Manjeswaram constituency of Kasaragod District	Kasaragode	1